Deshabhimani 05.11.17

# വനിതാ കർഷകരുടെയും ശാസ്ത്രജ്ഞരുടെയും മുഖാമുഖം

**തൃശൂർ >** കുടുംബശ്രീയുടെ കീഴിലെ 70 വനിതാ കർഷകരുടെയും ശാസ്ത്രജ്ഞരുടെയും മുഖാമുഖം നടന്നു. കാർഷികസ്ത്രീ പഠനകേന്ദ്രമാണ് കാർഷിക ശാസ്ത്രജ്ഞരുമായി മുഖാമുഖത്തിന് വേദിയൊരുക്കിയത്. കാർഷിക സ്ത്രീപഠനകേന്ദ്രം മേധാവി ഡോ. ഗീതക്കുട്ടി, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജ്യോതിഷ്, വെള്ളാനിക്കര ഹോർട്ടികൾച്ചറൽ കോളേജിലെ കാർഷികശാസ്ത്രജ്ഞരായ ഡോ. മധു സുബ്രഹ്മണ്യം, ഡോ. പി പ്രമീള, ഡോ. ജലജ എസ് മേനോൻ എന്നിവർ നേതൃത്വം നൽകി.

വിളകൾക്കുണ്ടാകുന്ന രോഗകീടങ്ങളിൽനിന്നുള്ള സംരക്ഷണം, കൃഷിരീതിയും വളപ്രയോഗവും, മൂല്യവർധിത സംരംഭങ്ങൾ തുടങ്ങിയ വിഷയങ്ങളിലെ കൃഷിക്കാരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി. പാട്ടത്തിനു ഭൂമി കിട്ടാനുള്ള പ്രശ്നങ്ങൾ, നെല്ല് വിൽക്കാനുള്ള ബുദ്ധിമുട്ടുകൾ, പച്ചക്കറി വിപണനം എന്നിവയിൽ ഇവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ കർഷക വനിതകൾ മുഖാമുഖത്തിൽ അവതരിപ്പിച്ചു. നാലുലക്ഷത്തോളം സ്ത്രീകൾ കുടുംബശ്രീ മിഷന്റെ പ്രേരണയിൽ കർഷകരായി പ്രവർത്തിക്കുന്നുണ്ട്.